LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ

90 [3604] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. എം. ഹസ്സൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികളുണ്ട്;

(ബി) ഇവയിൽ മാർക്സിസ്റ്റു പാർട്ടിയുടെ വകയായോ ആ പാർട്ടിയുടെ അധീനതയിലോ ആ പാർട്ടിയുമായി ബന്ധമുള്ളതോ ആയ എത്ര ആശുപത്രികളുണ്ട്;

(സി) ഇവയിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ പെടുന്നവയെത്രയാണ്;

(ഡി) ഈ ആശുപത്രികളിൽ ചികിത്സനടത്തുന്നത് സൗജന്യമായോ സൗജന്യ നിരക്കിലോ ആണോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 123 സഹകരണ ആശുപത്രികളുണ്ട്.

(ബി) മാർക്സിസ്റ്റുപാർട്ടിയുമായി ബന്ധമുള്ള 38 ആശുപത്രികളുണ്ട്.

(സി) സ്പെഷ്യാലിറ്റി — 9, സൂപ്പർ സ്പെഷ്യാലിറ്റി — 2.

(ഡി) ചില ആശുപത്രികളിൽ രോഗികൾക്കും മെമ്പർമാർക്കും ഇളവനുവദിക്കുന്നുണ്ട്.

റബ്കോയുടെ ആഡിറ്റ്

91 [3605] *ശ്രീ. ലൂഡി ലൂയിസ്:*
,, കെ. മോഹൻ കുമാർ:
,, ടി. എൻ. പ്രതാപൻ:
, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയുടെ ആഡിറ്റ് ഏതുവർഷം വരെയുള്ളത് പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടത്തിയ ആഡിറ്റിംഗിൽ എന്തെല്ലാം ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സംഘത്തിന്റെ ബാലൻസ് ഷീറ്റ് ഏതുവർഷം വരെയുള്ളത് പ്രസിദ്ധീകരിച്ചു;

(ഡി) പ്രസിദ്ധീകരിച്ച ബാലൻസ് ഷീറ്റ്പ്രകാരം അതിന്റെ സഞ്ചിത ലാഭമോ നഷ്ടമോ എത്ര?

ഉത്തരം

(എ) 2002-2003 വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി) 1998-1999 മുതൽ 2002-2003 വരെയുള്ള 5 വർഷത്തെ ആഡിറ്റിംഗിലെ ന്യൂനതാ സംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) സംഘത്തിന്റെ 2002-2003 (31-3-2003) വരെയുള്ള ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിച്ചു.

(ഡി) പ്രസിദ്ധീകരിച്ച ബാലൻസ് ഷീറ്റ്പ്രകാരം അതിന്റെ സഞ്ചിതനഷ്ടം 68,08,75,000.16 രൂപയാണ്.

റബ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരിച്ചു നൽകാൻ നടപടി

92 [3606] *ശ്രീ. ടി. എൻ. പ്രതാപൻ:*
,, *കെ. മോഹൻ കുമാർ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയ്ക്ക് സാമ്പത്തികസഹായം നൽകാനുള്ള കൺസോർഷ്യത്തിൽ ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളുമുണ്ട്; ഈ കൺസോർഷ്യത്തിൽപ്പെട്ട ഏതെല്ലാം സ്ഥാപനത്തിൽനിന്നും എത്ര രൂപവീതം റബ്കോ കൈപ്പറ്റിയിട്ടുണ്ട്;

(ബി) പ്രതിമാസം എത്ര രൂപ വീതം റബ്കോ സ്വീകരിച്ചിട്ടുള്ള ഡിപ്പോസിറ്റിനും കൺസോർഷ്യംവഴി ലഭിച്ച തുകയ്ക്കും പലിശ നൽകേണ്ടതുണ്ട്;

(സി) റബ്കോ സ്വീകരിച്ച ഡെപ്പോസിറ്റുകൾക്കും കൺസോർഷ്യം നൽകിയ വായ്പയ്ക്കും ഇന്നേവരെ കൊടുക്കേണ്ട പലിശ കൊടുത്തുതീർത്തിട്ടുണ്ടോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽനിന്നും റബ്കോ സ്വീകരിച്ച ഡെപ്പോസിറ്റുതുക കാലാവധി കഴിഞ്ഞിട്ടും തിരിച്ചുനൽകാത്തതിന്റെ പേരിൽ പ്രസ്തുത ബാങ്ക് റബ്കോയുടെ പേരിൽ കേസ് ഫയൽ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly